പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1519 16.03.2015 ൽ മറുപടിയ്ക്ക്

# ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിലെ കീടനാശിനി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഇനങ്ങളിലാണെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിന ഇല, കറിവേപ്പില, ചുവപ്പ് ചീര, കാപ്സിക്കം (മഞ്ഞ, പച്ച) സെലറി, മല്ലിയില, കോളിഫ്ലവർ, കാബേജ് (വെള്ള, വയലറ്റ്), കാരറ്റ്, വെള്ളരി, വെണ്ടക്ക, സാമ്പാർ മുളക്, വഴുതന, പാവക്ക, കോവക്ക. മുരിങ്ങ, നെല്ലിക്ക, പയർ. ചുവന്നുള്ളി ഉടങ്ങിയ 26 ഇനം പച്ചക്കറികളിൽ നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) സുരക്ഷിത പച്ചക്കറിക്കായി രൂപീകരിക്കുന്ന അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; കീടനാശിനി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇവയ്ക്കുണ്ടാകുമോ; | (ബി) | നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |
| (സി) വെള്ളായണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി പരിശോധനാ ഫീസ് ഭീമമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഫീസ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട പരിശോധന, നിലവിൽ നടത്തുന്നത് വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ ആണ്. കൃഷി വകുപ്പിന്റെ ശുപാർശയോടുകൂടി വരുന്ന സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ സ്വകാര്യ സാമ്പിളുകൾക്ക് 3500/- രൂപ മുതൽ 8000/- രൂപ വരെ പരിശോധന ഫീസ് ഈടാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കീടനാശിനി ചേർത്ത പച്ചക്കറിയുടെ ഇറക്കുമതി തടയാൻ ഓരോ ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ചും പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങുമോ; വിശദമാക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | പച്ചക്കറിയിലെ കീടനാശിനി പരിശോധിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ